**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 433** **05-07-2024 - ൽ മറുപടിയ്ക്ക്**

**കെ.എൽ.ഡി.ബി.യുടെ കീഴിലുള്ള സംരംഭകത്വ വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. ആന്റണി ജോൺ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കെ.എൽ.ഡി.ബി.യുടെ കീഴിൽ കോഴിവളർത്തൽ, ആട് വളർത്തൽ, പന്നി വളർത്തൽ, തീറ്റപ്പുൽകൃഷി തുടങ്ങിയ മേഖലകളിൽ സംരംഭകത്വ വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | **ദേശീയ കന്നുകാലി മിഷൻ സംരംഭകത്വ വികസന പദ്ധതിയുടെ ഭാഗമായി, കെ.എൽ.ഡി.ബോർഡ് സ്റ്റേറ്റ് ലെവൽ ഇംപ്ലിമെന്റിംഗ് ഏജൻസിയായി പ്രവർത്തിച്ചുകൊണ്ട്, ഗ്രാമീണ മേഖലയിലെ സ്വകാര്യ സംരംഭകർക്ക് കോഴി വളർത്തൽ, ആട് വളർത്തൽ, പന്നി വളർത്തൽ, തീറ്റപ്പുൽ സംസ്കരണം തുടങ്ങിയ മേഖലകളിൽ സംരംഭകത്വ വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.** |
| (ബി) | പ്രസ്തുത പദ്ധതികളിൽ അംഗമാകുന്നവർക്ക് സബ്സിഡി ലഭ്യമാക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | **ദേശീയ കന്നുകാലി മിഷൻ സംരംഭകത്വ വികസന പദ്ധതിയുടെ മാനദണ്ഡങ്ങൾ പാലിക്കുന്ന സംരംഭകർക്ക് 50% വരെ മൂലധന സബ്സിഡി (capital subsidy) ലഭിക്കുന്നതാണ്. ദേശീയ കന്നുകാലി മിഷൻ സംരംഭകത്വ വികസന പദ്ധതിയുടെ ഭാഗമായി ആദ്യ കാലങ്ങളിൽ സബ്സിഡി പരിധി കോഴി വളർത്തലിന് 25 ലക്ഷം രൂപ, ആട് വളർത്തലിന് 50 ലക്ഷം രൂപ, പന്നി വളർത്തലിന് 30 ലക്ഷം രൂപ, തീറ്റപ്പുൽ സംസ്കരണം 50 ലക്ഷം രൂപ എന്ന നിലയ്ക്കാണ് നൽകി വന്നിരുന്നത്. എന്നാൽ കൂടുതൽ സാധാരണ കർഷകരെ ഗുണഭോക്താക്കളാക്കുക എന്ന ലക്ഷ്യത്തോടെ 28/12/2022 മുതൽ ആടിനും പന്നിയ്ക്കും താഴെപ്പറയുന്ന രീതിയിൽ സബ്സിഡിയുടെ പരിധി ലഘൂകരിച്ച് നിജപ്പെടുത്തിയിട്ടുണ്ട്.**<br><br>**<u>ആട് വളർത്തൽ സബ്സിഡി (maximum)</u>**<br><br>**100 പെണ്ണാട് 5 മുട്ടനാട് - 10 ലക്ഷം രൂപ**<br><br>**200 പെണ്ണാട് 10 മുട്ടനാട് - 20 ലക്ഷം രൂപ**<br><br>**300 പെണ്ണാട് 15 മുട്ടനാട് - 30 ലക്ഷം രൂപ** |

| | | | |
|---|---|---|---|
| | | | **400 പെണ്ണാട് 20 മുട്ടനാട് - 40 ലക്ഷം രൂപ**<br><br>**500 പെണ്ണാട് 25 മുട്ടനാട് - 50 ലക്ഷം രൂപ**<br><br>**<u>പന്നി വളർത്തൽ</u>**<br><br>**50 പെൺ പന്നി 5 ആൺ പന്നി - 15 ലക്ഷം രൂപ**<br><br>**100 പെൺ പന്നി 10 ആൺ പന്നി-30 ലക്ഷം രൂപ** |
| (സി) | സ്വയം സഹായ സംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ എന്നിവയ്ക്ക് സഹായം ലഭ്യമാക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (സി) | **ഉണ്ട്. വ്യക്തിഗത സംരംഭകർക്ക് ലഭ്യമാക്കുന്ന എല്ലാ ആനുകൂല്യങ്ങളും, സ്വയം സഹായ സംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ, സെക്ഷൻ 8 കമ്പനികൾ, ഫാർമർ കോ-ഓപ്പറേറ്റീവ് ഓർഗനൈസേഷൻസ്, ജോയിൻറ് ലൈബിലിറ്റി ഗ്രൂപ്പ് എന്നിവയ്ക്കും ലഭ്യമാക്കുന്നുണ്ട്.** |
| (ഡി) | സംരംഭകർക്ക് സബ്സിഡിയും മറ്റ് സാമ്പത്തിക സഹായങ്ങളും ലഭിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ? | (ഡി) | **വ്യക്തികൾ, സ്വയം സഹായ സംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ, സെക്ഷൻ 8 കമ്പനികൾ, ഫാർമർ കോ-ഓപ്പറേറ്റീവ് ഓർഗനൈസേഷൻസ്, ജോയിൻറ് ലൈബിലിറ്റി ഗ്രൂപ്പ് തുടങ്ങിയ എല്ലാ സംരംഭകർക്കും ഈ പദ്ധതിയിൽ അപേക്ഷിക്കാവുന്നതാണ്. സംരംഭകർ ഓരോ പ്രോജക്ടിനും ആവശ്യമായ ഭൂമി സ്വന്തമായോ, പാട്ട വ്യവസ്ഥയിലോ എടുക്കേണ്ടതാണ്. 10 ശതമാനം പ്രോജക്റ്റ് കോസ്റ്റ് (പദ്ധതി വിഹിതം) സംരംഭകൻ വഹിക്കേണ്ടതാണ്.** |

സെക്ഷൻ ഓഫീസർ